## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം
## കോട്ടയം

വിഷയം: ജില്ലാ നഗരാസൂത്രകയുടെ കാര്യാലയം, കോട്ടയം-ഭരണങ്ങാനം ഗ്രാമ പഞ്ചായത്ത് ആഡിറ്റോറിയ കെട്ടിട നിർമ്മാണം-ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: ഭരണങ്ങാനം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 22.01.2019 ലെ A3/5510/2018 നമ്പർ കത്ത്.

---

**ഉത്തരവ് നമ്പർ C/153/2019/D.Dis, തീയതി : 11.02.2019.**

---

കോട്ടയം ജില്ലയിലെ, ഭരണങ്ങാനം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ഭരണങ്ങാനം വില്ലേജിൽ, ബ്ലോക്ക് നമ്പർ 36 ൽ റീ സർവ്വെ നമ്പർ 317/1, 316/3 എന്നിവയിൽ പെട്ട 18930 ച.മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് 3678.49 ച.മീറ്റർ വിസ്തീർണ്ണത്തിൽ കെട്ടിടങ്ങൾ നിലവിലുള്ള പ്ലോട്ടിൽ 1434.50 ച.മീറ്റർ വിസ്തീർണ്ണമുള്ള ടോയ്ലറ്റ് ബ്ലോക്ക് ഉൾപ്പെടെയുള്ള ആഡിറ്റോറിയം നിർമ്മിക്കുന്നതിന് KPBR-2011 ലെ ചട്ടങ്ങൾക്കും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി, അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമെ കെട്ടിട നിർമ്മാണ ക്രമവൽക്കരണാനുമതി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളൂ.

**നിബന്ധനകൾ**

1. KPBR-2011ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീ സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥല പരിശോധന നടത്തിയും ഉറപ്പു വരുത്തണം.
2. മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർഫോഴ്സ് എ2ീ ഒകു4കളിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമാക്കിയിരിക്കണം.
3. ഖര-ദ്രവ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
4. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേതാണ്.
5. നിർദ്ദിഷ്ട വസ്തു പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച്സെക്രട്ടറി ഉറപ്പു വരുത്തണം.
6. പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്ന് പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തണം.
7. ചട്ടം 57(8) പ്രകാരം അഗ്നിസുരക്ഷാ സർവ്വീസസിൽ നിന്നുള്ള അനുമതി ആവശ്യമാണ്.
8. ചട്ടം 57(9) പ്രകാരം വെന്റിലേഷൻ നിലവാരം NBC-1983-ന്അനുസൃതമായിരിക്കണം.
9. ചട്ടം 57(2) പ്രകാരം ദ്രവ മാലിന്യ സംസ്ക്കരണ പ്ലാന്റ് ഉണ്ടായിരിക്കണം.
10. ചട്ടം 57(10) പ്രകാരം എല്ലാവിധ അഗ്നി സുരക്ഷാ സംവിധാനം ഉറപ്പു വരുത്തണം.
11. ചട്ടം 57 (12 B) പ്രകാരം മലിനജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം ഉറപ്പു വരുത്തണം.

12. കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി നേടിയിരിക്കണം.

13. പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും വാഹനങ്ങൾ സുഗമമായി തിരിയുന്നതിനുള്ള സൗകര്യത്തോടു കൂടിയതുമാണ് എന്നും അവ ഭാവിയിൽ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.

14. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.

15. ചട്ടം 57 (9) പ്രകാരം ലൈറ്റിംഗ് & വെന്റിലേഷൻ ലഭ്യമാകുന്നുണ്ടെന്നും ഫയർ എസ്കേപ്പ് സ്റ്റെയർ ചട്ടപ്രകാരമാണെന്നും സെക്രട്ടറി ഉറപ്പാക്കണം.

16. ഭിന്നശേഷിക്കാർക്ക് പ്രവേശിക്കുന്നതിന് ചട്ടപ്രകാരം Ramp നൽകേണ്ടതാണ്.

17. നിർദ്ദിഷ്ട പ്ലോട്ടിൽ കാണുന്ന നിലവിലുള്ള കെട്ടിട സ്റ്റേറ്റുമെന്റിൽ ഉൾപ്പെട്ട കെട്ടിട നമ്പർ 1,2,3,6 എന്നിവയുടെ ഉപയോഗങ്ങൾ സെക്രട്ടറി പരിശോധിച്ച് അനുബന്ധ ഉപയോഗങ്ങളിലാണോ എന്നത് ഉറപ്പാക്കേണ്ടതാണ്.

18. KPBR-2011 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.

19. മേൽ അംഗീകാരം കെട്ടിട നിർമ്മാണം തുടങ്ങുന്നതിനുള്ള അനുമതി അല്ല. KPBR-2011 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ അവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനു ശേഷം മാത്രമെ സെക്രട്ടറി ക്രമവൽക്കരണാനുമതിയ്ക്ക് പരിഗണിക്കാവൂ.

അംഗീകരിച്ച സൈറ്റ് പ്ലാൻ 10/19/KTM ഉള്ളടക്കം ചെയ്യുന്നു.

OFFICE OF THE TOWN PLANNER
PIN - 686 001
PH: 2564160
KOTTAYAM

സുജ മത്തായി
ടൗൺ പ്ലാനർ

സെക്രട്ടറി
ഭരണങ്ങാനം ഗ്രാമ പഞ്ചായത്ത്

പകർപ്പ് : 1. മദർ സുപ്പീരിയർ ജനറൽ
സെന്റ് തോമസ് നോവിസിയേറ്റ് കോൺവെന്റ്
ഭരണങ്ങാനം

2. അധികം –1

MD/12.02.19